"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം-വയനാട് വൈൽഡ് ലൈഫ് ഡിവിഷന് കീഴിൽ തോൽപ്പെട്ടി റേഞ്ചിൽ ട്രൈബൽ വാച്ചറായി സേവനത്തിലിരിക്കേ അന്തരിച്ച ശ്രീ. പ്രസന്നന്റെ മകൻ ശ്രീ. പി. ബാലന് സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം വനം വന്യജീവി വകുപ്പിൽ ട്രൈബൽ വാച്ചർ തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.27/2022/F&WLD  തീയതി, തിരുവനന്തപുരം, 20-05-2022.

---

പരാമർശം:-
1. സ.ഉ.(പി) നം. 12/99/പി & എ.ആർ.ഡി തീയതി 24.05.1999.
2. ശ്രീ.പി. ബാലൻ, ബേഗൂർ കോളനി, കാട്ടികുളം.പി ഒ, വയനാട്- 670646 സമർപ്പിച്ച 21.01.2019 ലെ അപേക്ഷയും അനുബന്ധ രേഖകളും.
3. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 24.04.2020, 23.04.2022 തീയതികളിലെ ഇ6-1757/2020 നമ്പർ കത്തും അനുബന്ധ രേഖകളും.
4. വയനാട് ജില്ലാ കളക്ടറുടെ 19.03.2022 ലെ DCWYD/7945/ 21/A8 നമ്പർ കത്തും അനുബന്ധ രേഖകളും.

**ഉത്തരവ്**

വനം വന്യജീവി വകുപ്പിൽ വയനാട് വൈൽഡ് ലൈഫ് ഡിവിഷന് കീഴിൽ തോൽപ്പെട്ടി റേഞ്ചിൽ ട്രൈബൽ വാച്ചറായി സേവനത്തിലിരിക്കേ, 05.09.2017 ൽ അന്തരിച്ച ശ്രീ. പ്രസന്നന്റെ മകൻ ശ്രീ. പി. ബാലൻ, സർവീസിലിരിക്കെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്ന സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനായുള്ള അപേക്ഷ പരാമർശം (2) പ്രകാരം സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരാമർശം (3) പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ശുപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത അപേക്ഷയിൻമേൽ അന്വേഷണം നടത്തി, ആവശ്യമായ രേഖകൾ സഹിതം വയനാട് ജില്ലാ കളക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

2. മാനന്തവാടി തഹസീൽദാരുടെ അനന്തരാവകാശ സർട്ടിഫിക്കറ്റ് പ്രകാരം, മരണപ്പെട്ട ജീവനക്കാരന്റെ അനന്തരാവകാശികൾ, ഭാര്യ അമ്മിണി , മകൾ സിന്ധു, മകൻ ബാലൻ, ചന്ദ്രൻ എന്നിവരാണ്. മറ്റ് അവകാശികൾ അപേക്ഷകന് ആശ്രിതനിയമനം നൽകുന്നതിന് സമ്മതപത്രം നൽകിയിട്ടുണ്ട്. അപേക്ഷകന്റെ ജനനത്തീയതി 05.05.1987

ആണ്. ടിയാന് 34 വയസ്സ് പൂർത്തിയായിട്ടുണ്ട്. ടിയാന്റെ വിദ്യാഭ്യാസ യോഗ്യത 8-ാം ക്ലാസ്സ് ആണ്. ടിയാന്റെ കുടുംബ വാർഷിക വരുമാനം 1,00,000/-രൂപയാണ്.

3. മേൽ സാഹചര്യത്തിൽ, വനം വന്യജീവി വകുപ്പിൽ വയനാട് വൈൽഡ് ലൈഫ് ഡിവിഷന് കീഴിൽ തോൽപ്പെട്ടി റേഞ്ചിൽ ട്രൈബൽ വാച്ചറായി സേവനത്തിലിരിക്കേ 05.09.2017 ൽ അന്തരിച്ച ശ്രീ. പ്രസന്നന്റെ മകൻ ശ്രീ. പി. ബാലന് വയനാട് ജില്ലയിൽ വനം വന്യജീവി വകുപ്പിൽ 23000-50200 രൂപ ശമ്പള സ്കെയിലിൽ, ട്രൈബൽ വാച്ചർ തസ്തികയിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി നൽകുന്നതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെ, വ്യവസ്ഥകൾക്കും, സീനിയോറിറ്റി സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങൾക്കും വിധേയമായി, സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

4. അപേക്ഷകന്റെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, വാർഷിക വരുമാനം തുടങ്ങിയവ പരിശോധിച്ച് പരാമർശം (1) ലെ സർക്കാർ ഉത്തരവിന് വിധേയമായി നിയമനം നൽകിക്കൊണ്ടുള്ള ഔപചാരികമായ ഉത്തരവ് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) നൽകേണ്ടതാണ്.

5. ഈ നിയമനങ്ങൾ സംബന്ധിച്ച വിവരങ്ങൾ പരേതന്റെ സേവനപുസ്തകത്തിലും ബന്ധപ്പെട്ട എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷകൻ ഏതെങ്കിലും വസ്തുതകൾ മനപൂർവ്വം മറച്ച് വച്ചതായും തെറ്റായ വിവരങ്ങൾ നൽകിയതായും ഏതെങ്കിലും അവസരത്തിൽ സർക്കാരിന് ബോദ്ധ്യമായാൽ ഈ നിയമനം നിരുപാധികം റദ്ദാക്കാനുള്ള അധികാരം സർക്കാരിനുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലിയാ ലത്തീഫ് എ
അണ്ടർ സെക്രട്ടറി.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.
ജില്ലാ കളക്ടർ, വയനാട്.
ശ്രീ.പി. ബാലൻ, ബേഗൂർ കോളനി, കാട്ടികുളം.പി ഒ, വയനാട്- 670646. (രജിസ്റ്റേർഡ് തപാൽ മടക്ക രസീത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Noushad S
Date: 20-05-2022 17:51:05